>> മുഖക്കുറിപ്പ്

# നീതിയുടെ രഥം ഉരുണ്ടു തുടങ്ങുന്നു

**2002-ലെ** ഗുജറാത്ത് മുസ്‌ലിംവംശ നശീകരണ ഭീകരതയുമായി ബന്ധപ്പെട്ട്, ഏറ്റുമുട്ടൽ വീരൻ ബൻജാരക്കും സഹപ്രവർത്തകർക്കും ശേഷം, ഇപ്പോൾ സുപ്രീംകോടതി നിയമിച്ച സ്‌പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം (എസ്.ഐ.ടി) വൽസാദ ഡി.എസ്പി കെ.ജി ഇരാദയെയും പിടികൂടിയിരിക്കുകയാണ്. ഉത്തരവാദിത്വ നിർവഹണത്തിൽ കുറ്റകരമായ വീഴ്ചവരുത്തിയെന്നും തെളിവുകളും രേഖകളും നശിപ്പിച്ചുവെന്നുമാണ് അദ്ദേഹത്തിൽ ചുമത്തപ്പെട്ട കുറ്റം. എസ്.ഐ.ടി പിടികൂടുന്ന ആദ്യത്തെ പോലീസ് ഓഫീസറാണ് ഇരാദ. 2002 ഫെബ്രുവരിയിൽ സംസ്ഥാനത്ത് ഹിന്ദുത്വ ഭീകരത താണ്ഡവമാടുമ്പോൾ മേഘാനി നഗർ പോലീസ് സ്റ്റേഷനിൽ ഇൻസ്‌പെക്ടറായിരുന്നു ഇരാദ. ഈ സ്റ്റേഷൻ പരിധിയിൽപെട്ട ഗുൽബർഗ സൊസൈറ്റിയിൽ ഹിന്ദുത്വ കാപാലികർ നടത്തിയ നിഷ്ഠുരമായ അക്രമത്തിൽ മുൻ കോൺഗ്രസ് എം.പി ഇഹ്സാൻ ജഅ്ഫരിയടക്കം 139 പേരാണ് ചുട്ടുകൊല്ലപ്പെട്ടത്. അക്രമികൾ ഇഹ്സാൻ ജഅ്ഫരിയെ വീട്ടിൽനിന്ന് പിടിച്ച് പുറത്തിറക്കി നഗ്നനാക്കി നിർത്തി 'ജയ് ശ്രീറാം' വിളിക്കാൻ കൽപിക്കുകയായിരുന്നു. അതിനു വിസമ്മതിച്ചപ്പോൾ അവരദ്ദേഹത്തിന്റെ വിരലുകൾ ഛേദിച്ചുകളഞ്ഞു. പിന്നെ കൈകാലുകൾ വെട്ടി. പിന്നെ അദ്ദേഹത്തിന്റെ കഴുത്തിൽ ത്രിശൂലം കുത്തിയിറക്കി കൊന്നുവീഴ്ത്തി. ശരീരം ആളിക്കത്തുന്ന അഗ്നിയിലേക്ക് വലിച്ചെറിഞ്ഞു. ജഅ്ഫരിയുടെ മൃതദേഹം പോലും കണ്ടെടുക്കാൻ കഴിഞ്ഞില്ല. ജഅ്ഫരിയുടെ മൂന്ന് സഹോദരന്മാരും രണ്ട് മരുമക്കളും ഇതേവിധം ചുട്ടെരിക്കപ്പെട്ടു. ഇതെല്ലാം നടക്കുമ്പോൾ ഇൻസ്‌പെക്ടർ ഇരാദയുടെ നേതൃത്വത്തിലുള്ള പോലീസ് നോക്കിനിൽക്കുകയായിരുന്നു. സുപ്രീംകോടതിയുടെ വാക്കുകളിൽ "ഗുജറാത്ത് കത്തിയെരിയുമ്പോൾ നീറോ വീണവായിക്കുകയായിരുന്നു". പോലീസ് തങ്ങളെ രക്ഷിക്കാൻ ഒന്നും ചെയ്തില്ലെന്നു മാത്രമല്ല, ഹിന്ദുത്വ ഭ്രാന്ത് ബാധിച്ച ജനക്കൂട്ടത്തെ ആക്രമണത്തിന് പ്രോത്സാഹിപ്പിക്കുകയും ചെയ്തുവെന്നാണ് സ്ഥലവാസികളുടെ മൊഴി.

കെ.ജി ഇരാദക്കു പുറമെ അന്നത്തെ ഡി.ജി.പി എം.കെ ടണ്ഠൻ, ഡി.സി.പി ജി. ഗോണ്ടല്യ, ഡി.എസ്പിമാരായ കെ.കെ മൈസൂർവാല, എസ്. ഗോഹൽ, അസിസ്റ്റന്റ് കമീഷണർ എം.ടി റാണ എന്നിവർക്കെതിരെയും എസ്.ഐ.ടി കേസെടുത്തിട്ടുണ്ട്. ഏറെ വൈകാതെ അവരും അറസ്റ്റിലാകുമെന്നാണ് റിപ്പോർട്ട്. ഇപ്പോഴത്തെ നരേന്ദ്രമോഡി മന്ത്രിസഭയിൽ വനിതാ ശിശുക്ഷേമ മന്ത്രിയായ മായാ ബെൻ കോദ്നാനിയുടെ പേരിലും എസ്.ഐ.ടി കേസെടുത്തിരിക്കുന്നുവെന്നത് ഏറെ ശ്രദ്ധേയമാണ്. 95 പേർ കൊല്ലപ്പെട്ട കുപ്രസിദ്ധ നരോദപാട്യ കൂട്ടക്കൊലക്ക് നേതൃത്വംനൽകി എന്നാണ് ഗൈനക്കോളജിസ്റ്റായ ഈ വനിതയുടെ പേരിലുള്ള കുറ്റം. നരോദപാട്യയിൽ ഒത്തുകൂടിയ അക്രമാസക്തരായ പതിനായിരത്തോളം വരുന്ന ജനക്കൂട്ടത്തിൽ മായാ കോദ്നാനി കാറിൽ വന്നിറങ്ങുകയും അക്രമികൾക്ക് വാളുകളും ഹോക്കി സ്റ്റിക്കുകളും വിതരണം ചെയ്യുകയും ചെയ്തതിനും സ്വന്തം കൈതോക്കുകൊണ്ട് വെടിവെച്ചതിനും ദൃക്സാക്ഷികളുണ്ട്.

ഗുജറാത്ത് വംശഹത്യയിൽ ഹിന്ദുത്വ ഭീകരരുടെ കങ്കാണികളായി പ്രവർത്തിച്ച പോലീസ് ഉദ്യോഗസ്ഥർ ഇതുവരെ നിർഭയരായിരുന്നു. സംസ്ഥാന ഗവൺമെന്റ് അവരെയൊക്കെ സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചിരുന്നത്. മോഡി സർക്കാർ തങ്ങളെ ശിക്ഷിക്കുകയില്ല, ഉദ്യോഗ കയറ്റം നൽകി ആദരിക്കുകയാണ് ചെയ്യുക എന്ന ഉറച്ച ബോധ്യത്തോടെയാണ് അവർ വർഗീയഭ്രാന്തന്മാർക്ക് വിടുവേല ചെയ്തതും. പക്ഷേ പ്രശ്നത്തിൽ സുപ്രീം കോടതി സജീവമായി ഇടപെട്ടത് അവരെയൊക്കെ പരിഭ്രാന്തരാക്കിയിരിക്കുകയാണ്. അവർ മാത്രമല്ല, ഏതു വഴിക്കും അവരെ രക്ഷിക്കാൻ കച്ചകെട്ടിയ മോഡി സർക്കാറും അങ്കലാപ്പിലായിരിക്കുന്നു. സ്വന്തം മന്ത്രിസഭയിലെ അംഗമായ കോദ്നാനിയുടെ മുൻകൂർജാമ്യാപേക്ഷയെപ്പോലും ഹൈക്കോടതിയിൽ എതിർക്കാൻ മോഡി ഗവൺമെന്റ് നിർബന്ധിതമായിരിക്കുകയാണ്. മന്ത്രിയുടെ പേരിൽ കേസെടുത്ത എസ്.ഐ.ടിയിൽ അംഗമായിരുന്ന ഐ.പി.എസ് ഓഫീസർ സബീർ ഖണ്ഡവാലയെ ഗുജറാത്ത് ഡി.ജി.പിയായി നിയമിക്കേണ്ടിവന്നതും മോഡി ഗവൺമെന്റിന്റെ അങ്കലാപ്പിന്റെ ഫലമാണ്. ഗുജറാത്തിന്റെ ചരിത്രത്തിലെ പ്രഥമ മുസ്‌ലിം ഡി.ജി.പിയാണ് സബീർ ഖണ്ഡവാല. ഗുജറാത്ത് കലാപത്തിൽ വിവാദ വിധേയനായ ഡി.ജി.പി പാണ്ഡയെ മാറ്റിയാണ് അദ്ദേഹം ഡി.ജി.പിയായി നിയമിക്കപ്പെട്ടത്.

ഇന്ത്യൻ നീതിപീഠങ്ങളോടുള്ള ആദരവ് ക്ഷയിച്ചുവരുന്ന കാലഘട്ടമാണിത്. പല കോടതിവിധികളും സാമാന്യ ജനങ്ങളുടെ നൈതിക സങ്കൽപങ്ങളോടും വിചാരവികാരങ്ങളോടും പൊരുത്തപ്പെടുന്നില്ല എന്ന ആക്ഷേപം വ്യാപകമാണ്. ജനങ്ങൾക്ക് കോടതിയോടുള്ള ആദരവിനെ ഹനിക്കുന്ന തരത്തിലുള്ള കുറ്റാരോപണങ്ങൾക്ക് വിധേയരാകുന്ന ന്യായാധിപന്മാർ ഏറെയാണ്. ഇംപീച്ച്മെന്റിന്റെ വക്കിലെത്തി നിൽക്കുകയാണ് ചില ഹൈക്കോടതി ജഡ്ജിമാർ. ഈ സാഹചര്യത്തിൽ ഗുജറാത്ത് വംശഹത്യ കേസുകളിൽ രാജ്യത്തിന്റെ അത്യുന്നത നീതിപീഠം നടത്തിയ ക്രിയാത്മകമായ നീക്കം നീതിയെയും നിയമവാഴ്ചയെയും സ്നേഹിക്കുന്നവരെ സംബന്ധിച്ചേടത്തോളം ഏറെ ആശ്വാസകരമാണ്. പൗരസഞ്ചയത്തിന് കോടതികളിലുള്ള ഉത്തമ വിശ്വാസത്തെ തീർച്ചയായും അത് ശക്തിപ്പെടുത്തും. ഒരുനാൾ തങ്ങൾക്കും നീതി കിട്ടുകതന്നെ ചെയ്യും എന്ന ആത്മവിശ്വാസമാണത് വംശഹത്യയുടെ ഇരകൾക്ക് നൽകുന്നത്. ഈ അന്വേഷണം അതിന്റെ സ്വാഭാവിക പരിണതിയിലെത്താൻ സുപ്രീംകോടതിയും സിവിൽ സൊസൈറ്റിയും അവരുടെ പ്രയത്നം നിർത്താതെ തുടരേണ്ടതുണ്ട്. ഫാഷിസ്റ്റ് ശക്തികൾ ഇനിയും കേസുകൾ അട്ടിമറിക്കാതിരിക്കാൻ അതനിവാര്യമാണ്. ഓരോ കൊലയാളിയും കൊള്ളക്കാരനും കൊള്ളിവെപ്പുകാരനും ബലാൽസംഗക്കാരനും വിചാരണാവിധേയനാവുകയും ശിക്ഷിക്കപ്പെടുകയും വേണം. യഥാർഥ മതേതരവാദികൾ തങ്ങളാണെന്ന് അവകാശപ്പെടുകയും മറ്റുള്ളവരെ കപട മതേതരവാദികളെന്നാക്ഷേപിക്കുകയും ചെയ്യുന്ന സംഘങ്ങളും രാഷ്ട്രീയകക്ഷികളും സ്ഥിതിഗതികളുടെ ഈ മാറ്റത്തെ ഗൗരവപൂർവം കണക്കിലെടുക്കേണ്ടതാണ്. നീതിയുടെ ചക്ക് സാവധാനമേ കറങ്ങൂ. എങ്കിലും അത് എല്ലാ അക്രമികളെയും അഴിമതിക്കാരെയും ചതച്ചരക്കുകതന്നെ ചെയ്യുമെന്നാശിക്കാം. ■